# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **950** **02.12.2015 –** ൽ മറുപടിക്ക്

### കുന്ദമംഗലം-വാട്ടർകണക്ഷൻ പുനസ്ഥാപിക്കാനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം** | **പി ജെ. ജോസഫ്**<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മൂന്നുപേർ വസിക്കുന്നതിൽ എല്ലാവരും ഭിന്നശേഷിക്കാരായ കോഴിക്കോട് കുന്ദമംഗലം പഞ്ചായത്തിലെ കരിപ്പാൽ കദീശുമ്മ (നമ്പർ കെ.എൽ.എം. 78) യുടെ വീട്ടിലേക്കുള്ള വാട്ടർ കണക്ഷൻ കട്ട് ചെയ്യാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ; | (എ) | ഉപഭോക്താവ് 2001 ഫെബ്രുവരി മാസത്തിനു ശേഷം കുടിവെള്ള ചാർജ്ജ് അടക്കാത്തതിനാലും. വാട്ടർ മീറ്റർ പ്രവർത്തനരഹിതമായതിനാലുമാണ് 23/07/2006-ൽ കണക്ഷൻ വിഛേദിച്ചത്. 2001 മാർച്ച് മാസം മുതൽ 2006 ജൂലൈ വരെ 8760/- രൂപ കുടിശ്ശികയുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് പ്രസ്തുത കുടുംബ ത്തിന്റെ പരാതി ലഭിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഈ കുടുംബത്തിന് വാട്ടർ കണക്ഷൻ പുനസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | ഏതെങ്കിലും തിരിച്ചറിയൽ രേഖ ഹാജരാക്കി നിലവിലുള്ള കുടിവെള്ള ചാർജ്ജ് കുടിശ്ശികയും നിയമാനുസൃതമായ പിഴയും, കണക്ഷൻ പുന: സ്ഥാപിക്കുന്നതിനാവശ്യമായ ഡിസ്കണക്ഷൻ ഫീസും റീ കണക്ഷൻ ഫീസും അടച്ച് പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പക്ഷം ടി കണക്ഷൻ മൂന്നു ദിവസത്തിനകം പുന:സ്ഥാപിച്ചു നൽകുന്നതാണ്. ഇതല്ലെങ്കിൽ മേൽ പറഞ്ഞ കുടുംബം ബി.പി.എൽ. റേഷൻ കാർഡ് ഹാജരാക്കുകയാണെങ്കിൽ മേൽപ്പടി കുടിശ്ശിക മുഴുവൻ ഒഴിവാക്കി 15 കി.ലിറ്റർ വരെയുള്ള ജലം സൗജന്യമായി ഉപയോഗിക്കുവാനുള്ള അനുവാദം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ